**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 575** **08-10-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് പദ്ധതി നടപ്പിലാക്കിയത് എന്നു മുതലാണെന്നും ജീവനക്കാരും സർവീസ് പെൻഷൻകാരും നൽകി വരുന്ന മെഡിസെപ്പ് പ്രീമിയം തുക എത്ര വീതമാണെന്നും അറിയിക്കുമോ; | (എ) | **23.06.2022 ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം 01.07.2022 ൽ നിലവിൽ വന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്. നിർബന്ധിത അംഗത്വ വ്യവസ്ഥ ചെയ്യുന്ന പദ്ധതി പ്രകാരം പ്രതിമാസ പ്രീമിയം 500/- രൂപയാണ് ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും ഈടാക്കുന്നത്.** |
| (ബി) | ഒരു വർഷം ഇത്തരത്തിൽ എത്ര തുകയാണ് മെഡിസെപ്പ് പദ്ധതിക്കായി ശമ്പളം/പെൻഷനിൽ നിന്നും സർക്കാർ പിടിക്കുന്നത്; നിലവിൽ ഏത് കമ്പനിയാണ് മെഡിസെപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നതെന്നും സർക്കാർ എത്ര തുകയാണ് ഓരോ വർഷവും ഈ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയം ഇനത്തിൽ നൽകി വരുന്നതെന്നുംഅറിയിക്കുമോ; | (ബി) | **നിലവിൽ മെഡിസെപ്പിന്റെ പ്രതിവർഷ പ്രീമിയം ജി.എസ്.ടി. ഉൾപ്പെടെ 5664/- രൂപയിൽ പ്രാഥമിക ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായാണ് കമ്പനിക്ക് തുക നൽകുന്നത്. പുതുതായി സർവ്വീസിൽ പ്രവേശിക്കുന്ന ജീവനക്കാരെ ചേർക്കുമ്പോഴും സ്വാഭാവിക അവകാശികൾ ഇല്ലാതെ മരണമടയുന്നവരെ ഒഴിവാക്കുമ്പോഴും എണ്ണത്തിലും തുടർന്ന് പ്രീമിയം തുകയിലും വ്യത്യാസം വരാറുണ്ട്. മെഡിസെപ് പദ്ധതിയ്ക്കായി 545769 ജീവനക്കാരും 589738 പെൻഷൻകാരും ഉൾപ്പെടെ 1135738 ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 500/- രൂപ നിരക്കിൽ ഒരു വർഷം ആകെ 681,44,28,000/- രൂപയാണ് (GST ഉൾപ്പെടെ) പ്രീമിയം ഇനത്തിൽ പിടിച്ച് വരുന്നത്. ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് (OICL) ആണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ആയതിന്റെ പ്രതിമാസ പ്രീമിയം 472/- രൂപ നിരക്കിൽ ഒരു വർഷം 643,28,20,032/- രൂപ ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും ബാക്കി 28/- രൂപ പ്രതിമാസ നിരക്കിൽ ഒരു വർഷം 38,16,07,968/- രൂപ അധിക പരിരക്ഷ ലഭിക്കുന്ന catastrophic അസുഖങ്ങൾക്കുള്ള കോർപ്പസ് ഫണ്ടിലേയ്ക്ക് മാറ്റി വയ്ക്കുകയും 08.09.2023 ലെ സ.ഉ.(ആർ.റ്റി)നം. 6416/2023/ധന -യിലെ കോർപ്പസ് ഫണ്ട് ഉപയോഗവുമായി ബന്ധപ്പെട്ട** |

| | | | |
|---|---|---|---|
| | | | **SOP(Standard Operating Procedure)-യിൽ നിർദ്ദേശിച്ചിട്ടുള്ളത് അനുസരിച്ച് ഫണ്ട് കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു .** |
| (സി) | ഏതൊക്കെ ചികിത്സയ്ക്കാണ് മെഡിസെപ്പ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് മെഡിസെപ്പ് ചികിത്സാ സൗകര്യം ലഭിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | മെഡിസെപ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന ആശുപത്രികളും അവയിലെ ചികിത്സാ വിഭാഗങ്ങളും മെഡിസെപ് വെബ്സൈറ്റിലെ 'ഹോസ്പിറ്റൽസ്' എന്ന മെനുവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ